"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിൽ എഞ്ചിനീയറിംഗ് വൈദഗ്ധ്യം ആവശ്യമുള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി/യുവാക്കളെ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർമാരായി 2 വർഷക്കാലയളവിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(കൈ) നം.17/2025/SCSTD തീയതി,തിരുവനന്തപുരം, 10-06-2025

പരാമർശം:-
1. സ.ഉ(കൈ)നം.30/2022/പജപവവിവ തീയതി 29.06.2022
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 30/10/2024 , 21/02/2025 തീയതികളിലെ SCDD/5341/2024-A2 (DEV A )നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പട്ടികജാതി വികസന വകുപ്പിൽ TRACE പദ്ധതിയുടെ ഭാഗമായി എഞ്ചിനീയറിംഗ് വൈദഗ്ധ്യം ആവശ്യമുള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തികൾക്ക് മേൽനോട്ടം വഹിച്ച് സമയോചിതമായ ഇടപെടൽ നടത്തുന്നതിനായി സിവിൽ എഞ്ചിനീയറിംഗ് ബിരുദം/ഡിപ്ലോമ/ ഐ.ടി.ഐ യോഗ്യതയുള്ളതും 35 വയസ്സ് പൂർത്തിയാകാത്തവരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ/യുവാക്കളെ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർമാരായി 18,000/- (പതിനെണ്ണായിരം രൂപ മാത്രം) ഓണറേറിയത്തിൽ 2 വർഷക്കാലയളവിലേക്ക് കരാറടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഡയറക്ടറേറ്റ്, ജില്ലാ/പ്രൊജക്ട് ഓഫീസ് എന്നിവിടങ്ങളിൽ നിയമിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകിയിരുന്നു.

(2) ഇപ്രകാരം നിയമിച്ചവരുടെ നിയമന കാലാവധി പൂർത്തീയായിട്ടുള്ളതിനാൽ പട്ടികജാതി വികസനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കുന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് സിവിൽ എഞ്ചിനീയറിംഗ് ബിരുദം/ബിരുദാനന്തര ബിരുദം/ഡിപ്ലോമ/ ഐ.ടി.ഐ യോഗ്യതയുള്ളതും 35 വയസ്സ് പൂർത്തിയാകാത്തവരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 300 യുവതീ യുവാക്കളെ അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർമാരായി 18,000/- (പതിനെണ്ണായിരം രൂപ മാത്രം) രൂപ ഓണറേറിയത്തിൽ 2 വർഷക്കാലയളവിലേക്ക് കരാറടിസ്ഥാസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിലേക്കാവശ്യമായ തുക "2225-01-102-96 Training and Employment(P) " എന്ന ശീർഷകത്തിൽനിന്നും കണ്ടെത്താവുന്നതാണെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. TRACE പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പിൽ എഞ്ചിനീയറിംഗ് വൈദഗ്ധ്യം ആവശ്യമുള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തികളിൽ സമയോചിതമായ ഇടപെടൽ നടത്തി പദ്ധതി ത്വരിതഗതിയിലാക്കുന്നതിനായി സിവിൽ എഞ്ചിനീയറിംഗ് ബിരുദം/ബിരുദാനന്തര ബിരുദം/ഡിപ്ലോമ/ ഐ.ടി.ഐ യോഗ്യതയുള്ളതും 35 വയസ്സ് പൂർത്തിയാകാത്തതുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 300 യുവതീ യുവാക്കളെ പട്ടികജാതി

വികസന വകുപ്പിന് കീഴിൽ അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർമാരായി 18,000/- (പതിനെണ്ണായിരം രൂപ മാത്രം) രൂപ ഓണറേറിയത്തിൽ 2 വർഷക്കാലയളവിലേക്ക് കരാറടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഡയറക്ടറേറ്റ്, ജില്ലാ/പ്രൊജക്ട് ഓഫീസ് എന്നിവിടങ്ങളിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(4) ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-102-96 Training and Employment(P) ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്ന് കണ്ടെത്താവുന്നതാണ്.

(5). അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരുടെ നിയമനം ചുവടെ കൊടുത്തിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായിരിക്കും.

**പ്രവർത്തനമേഖല**

**പട്ടികജാതി വികസന വകുപ്പ്**

**A.**വകുപ്പിന്റെ നിർമ്മാണ പദ്ധതികൾ പ്രധാനമായും

- അംബേദ്കർ ഗ്രാമം
- സേഫ് ഭവന നവീകരണ പദ്ധതി
- കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ.
- പഠനമുറി നിർമ്മാണം.
- ഭവന പൂർത്തീകരണം.
- ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം തുടങ്ങിയ സ്പിൽ ഓവർ പദ്ധതികൾ
- വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ
- പട്ടികജാതി മേഖലകളുടെ വികസന പദ്ധതികൾക്കായി ഫീസിബിലിറ്റി തയ്യാറാക്കുമ്പോൾ സാങ്കേതിക പരിശോധന നടത്തുന്നതിൽ പട്ടികജാതി വികസന ഓഫീസർമാരെ സഹായിക്കുക.

B. ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പട്ടികജാതി ഉപപദ്ധതിയുമായി ബന്ധപ്പെട്ട ഫീസിബിലിറ്റി പരിശോധനയിൽ പട്ടികജാതി വികസന ഓഫീസർമാർക്ക് സാങ്കേതിക സഹായം നൽകുക.

**ചുമതലകൾ**

1. തദ്ദേശ സ്ഥാപനങ്ങളിൽ നിയമിക്കപ്പെടുന്ന അക്രഡിറ്റഡ് എഞ്ചിനീയർമാരുടെ /ഓവർസിയർമാരുടെ നിയന്ത്രണാധികാരി അതാത് ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ ആയിരിക്കും. വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിക്കുകയും അവയുടെ ഫീൽഡ്തല പരിശോധന നടത്തുകയും ചെയ്ത് സാങ്കേതിക പരിശോധന റിപ്പോർട്ട് ഓഫീസർക്ക് നൽകേണ്ടതും പ്രവൃത്തികളുടെ ബില്ലുകൾ ലഭിക്കുമ്പോൾ കൃത്യമായ പരിശോധന നടത്തി ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്. തദ്ദേശ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതലയിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ കൂടി ഉദ്യോഗാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനായി തദ്ദേശ സ്ഥാപനതലത്തിൽ അതത് പട്ടികജാതി വികസന ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

2. ജില്ലാ പട്ടികജാതി വികസന ഓഫീസ്/പ്രോജക്ട് ഓഫീസ് എന്നിവിടങ്ങളിൽ നിയമിതരാകുന്ന അക്രഡിറ്റഡ് എഞ്ചിനീയർമാർ അംബേദ്കർ ഗ്രാമം, കോർപ്പസ് ഫണ്ട്

പദ്ധതികൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ടതാണ്. കൂടാതെ, പരിശീലനത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ കൂടി ഉദ്യോഗാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനായി ജില്ലാതലത്തിൽ അതത് പട്ടികജാതി വികസന ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

3. ആഴ്ചയിൽ 3 ദിവസം നിർബന്ധമായും അതാത് നിയന്ത്രണ ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ഫീൽഡ് സന്ദർശനം നടത്തേണ്ടതാണ്.

4. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ അംബേദ്കർ ഗ്രാമം, കോർപ്പസ് ഫണ്ട് പദ്ധതികൾ കൈകാര്യം ചെയ്യുന്ന വിഭാഗത്തിൽ 2 അക്രഡിറ്റഡ് എഞ്ചിനീയർമാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

**നിർവ്വഹണരീതി**

**1. തെരഞ്ഞെടുപ്പ്**

പത്രപരസ്യം മുഖേന ഓരോ ജില്ലയിലും സിവിൽ എഞ്ചിനീയറിംഗ് B.Tech/M.Tech/Diploma/ITI യോഗ്യതയുള്ള പട്ടികജാതി വിഭാഗത്തിലെ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ച് അഭിമുഖം നടത്തി യോഗ്യരായവരെ തെരഞ്ഞെടുക്കാവുന്നതാണ്. ജില്ലാ പട്ടികജാതി വികസന ഓഫീസർ/പ്രോജക്ട് ഓഫീസർ, ഗ്രാമവികസന വകുപ്പ് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ഉൾപ്പെടുന്ന സമിതിയാണ് അഭിമുഖം നടത്തുന്നത്. ഡയറക്ടറേറ്റുകളിലേയ്ക്ക് നിയമിക്കേണ്ട ഉദ്യോഗാർത്ഥികളുടെ അഭിമുഖം നടത്തുമ്പോൾ ഡയറക്ടറേറ്റിൽ നിന്നുള്ള ഉദ്യോഗസ്ഥ പ്രതിനിധിയെ ഇൻറർവ്യൂ ബോർഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

**2.പരിശീലനം**

**മുൻ വർഷങ്ങളിലെ പരിശീലന രീതി തുടരുന്നതാണ്.**

**3. നിയമനം**

വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന പട്ടികജാതി വികസന ആഫീസുകളിൽ ഒരു വർഷ നിയമനം നൽകുന്നതും പ്രവർത്തന മികവ് വിലയിരുത്തി കാലാവധി നീട്ടി നൽകുന്നതുമാണ്. ആകെ നിയമന കാലയളവ് 2 വർഷത്തിൽ കൂടുതൽ അനുവദനീയമല്ല.

**4.യോഗ്യതകൾ**

1. അപേക്ഷകർ പട്ടികജാതി വിഭാഗത്തിൽ നിന്നുള്ളവരായിരിക്കണം.

2.വിദ്യാഭ്യാസ യോഗ്യത - സിവിൽ എഞ്ചിനീയറിംഗിൽ B.Tech/M.Tech/ Diploma/ITI.

3. പ്രായപരിധി :- 21-35 വയസ്സ്.

4. മുൻ വർഷങ്ങളിൽ പരിശീലനം നേടിയവരെ പരിഗണിയ്ക്കുന്നതല്ല.

5. **നിയമിക്കപ്പെടുന്നവരുടെ എണ്ണം**

| സ്ഥാപനത്തിന്റെ പേര് | എണ്ണം |
|---|---|
| ഗ്രാമ പഞ്ചായത്ത് ആഫീസ് | 20 |
| ബ്ലോക്ക് പട്ടികജാതി വികസന ആഫീസ് | 152 |
| മുനിസിപ്പാലിറ്റി | 87 |
| കോർപ്പറേഷൻ | 11 |
| വകുപ്പ് ജില്ലാ ആഫീസ് | 30 |
| ആകെ | 300 |

ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.

1. പട്ടികജാതി ജനസംഖ്യ കൂടുതലുള്ള ഗ്രാമപഞ്ചായത്തുകൾ
2. വിസ്തൃതി കൂടിയ ഗ്രാമപഞ്ചായത്തുകൾ
3. TSP/SCP ഫണ്ട് വിഹിതം കൂടുതലുള്ള ഗ്രാമപഞ്ചായത്തുകൾ

**5.സേവന വേതന വ്യവസ്ഥകൾ**

ആകെ നിയമിക്കപ്പെടുന്നവരുടെ എണ്ണം - 300
ഓണറേറിയം - 18,000/- രൂപ പ്രതിമാസം

1. അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർമാരുടെ നിയമനം പൂർണ്ണമായും കരാർ വ്യവസ്ഥയിൽ താത്കാലിക അടിസ്ഥാനത്തിൽ ആയിരിക്കും. നിയമിക്കപ്പെടുന്നവർക്ക് സർക്കാർ നിശ്ചയിക്കുന്ന ഹോണറേറിയം ഒഴികെ മറ്റ് വേതനങ്ങൾക്കോ സ്ഥിര നിയമനത്തിനോ അർഹത ഉണ്ടായിരിക്കുന്നതല്ല. നിയമനം ലഭിച്ചവർ ഇത് സംബന്ധിച്ച് സമ്മതപത്രം സമർപ്പിക്കുകയും ബന്ധപ്പെട്ട നിയന്ത്രണാധികാരിയുമായി കരാറിലേർപ്പെടുകയും ചെയ്യേണ്ടതാണ്.
2. നിയമന കാലാവധി - 1 വർഷം. (പ്രവർത്തന മികവ് വിലയിരുത്തി ഒരു വർഷം കൂടി നീട്ടി നൽകുന്നതാണ്. ആകെ നിയമന കാലയളവ് 2 വർഷത്തിൽ കൂടുതൽ അനുവദനീയമല്ല.)
3. അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർമാരുടെ പ്രവർത്തന റിപ്പോർട്ട് ഓരോ രണ്ട് മാസം കൂടുമ്പോൾ നിയന്ത്രണാധികാരികൾ അതത് ജില്ലാ/പ്രോജക്ട് ഓഫീസർക്ക് ലഭ്യമാക്കേണ്ടതാണ്. ഒരു വർഷം 20 ആകസ്മിക അവധി അനുവദിക്കാവുന്നതാണ്.
4. ആറു മാസം കഴിയുമ്പോൾ മുതൽ മറ്റ് ജോലികൾ ലഭിക്കുന്നതിനായി ആവശ്യമെങ്കിൽ പ്രവൃത്തി പരിചയ സാക്ഷ്യപത്രം വകുപ്പിൽ നിന്നും നൽകാവുന്നതാണ്.
5. ജില്ലാതലത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് 1 വർഷം കാലാവധി ഉണ്ടായിരിക്കുന്നതും നിയമനം നടത്തിയതിന് ശേഷം ഒഴിവുകൾ ഉണ്ടായാൽ പ്രസ്തുത ലിസ്റ്റിൽ നിന്നും മുൻഗണനാക്രമത്തിൽ നിയമനം നടത്തേണ്ടതുമാണ്.
6. അക്രഡിറ്റഡ് എഞ്ചിനീയർമാർക്ക് ജില്ലാ ഓഫീസുകളിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകേണ്ടതാണ്.
7. അക്രഡിറ്റഡ് എഞ്ചിനീയർമാർക്ക് ആവശ്യമായ എല്ലാ പശ്ചാത്തല സൗകര്യങ്ങളും തദ്ദേശ സ്ഥാപനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**6 . അച്ചടക്ക നടപടി**

അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയോ ചുമതലകളിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന പക്ഷം ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമനാധികാരിയ്ക്ക് ഉദ്യോഗാർത്ഥിയുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G S SAGINA
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും (പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് മുഖാന്തരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ / എ & ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ ( ഇ & ആർ) സെക്ടർ, കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ്
ദ ചീഫ് ഡീസെൻട്രലൈസ്ഡ് പ്ളാനിംഗ് , സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
H Suni
Date: 10-06-2025 14:56:25
സെക്ഷൻ ഓഫീസർ

1. ബഹു.പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് ന്
2. ബഹു.അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്.